

മന്നവനേ മഹോന്നതാ നിന്നെ ഞങ്ങൾ വന്ദിക്കുന്നു
ഇദ്ധരയിൽ നീയൊഴിഞ്ഞില്ലാരുമേ
ഞങ്ങൾക്കാശ്രയമായി മേലിലും നീ മാത്രമേ

ദൈവദൂതസൈന്യം നിന്നെ നമിക്കുന്നു പരിശുദ്ധാ
ദോഷികളാം ഞങ്ങളിതിനെന്തുള്ളു
ഓർത്താൽ - നിന്റെ നാമം ചൊല്ലിടാനും പോരായേ

മഹാദേവാ മക്കൾ ഞങ്ങൾ തിരുമുമ്പിൽ വണങ്ങുന്നു
മാരിപോലിന്നനുഗ്രഹം നല്കണം
സർവഖേദവും തീർത്തു നീ ഞങ്ങൾക്കാകണം

നിന്നെപ്പോലോർ ധനമില്ല നിന്നെപ്പോലോർ സുഖമില്ല
എന്നെന്നേക്കും നിൻ മുഖത്തിൽ വാഴുവാൻ
ദാസർക്കനുവാദം തന്നു മാർവിൽ ചേർക്കണം

പൊന്നുനാഥാ നിൻ മുഖം കണ്ടാനന്ദിപ്പാൻ
സ്വർഗദേശത്തെന്നു വന്നു ചേർന്നീടും
ലോക - സങ്കടങ്ങളൊഴിഞ്ഞങ്ങു വാഴുവാൻ

ഭക്തന്മാരേ രാപ്പകൽ നാം തിരുമുമ്പിലാരാധിപ്പാൻ
എത്രവേഗം വാനരാജ്യേ പോയിടാം
സർവ സമ്മോദവും ലഭിച്ചെന്നും പാർത്തിടാം



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me